# ജ: അബ്ദുസ്സലാം സുല്ലമിയുടെ അനിസ്ലാമിക ഫത്‌വകൾ

## മുജാഹിദുകളുടെ മുന്നേറ്റം സലാം സുല്ലമിയെ അസ്വസ്ഥനാക്കുന്നു.

സംഘടനക്കകത്ത് സംവാദങ്ങളെയും ഖണ്ഡന പ്രസംഗങ്ങളേയും എതിർത്തിരുന്ന ആളുകൾ സ്വയം ഇറങ്ങിപ്പോയപ്പോൾ, ശക്തമായ ആശയ പ്രചാരണവുമായി ജനങ്ങളിലേക്കിറങ്ങാൻ മുജാഹിദുകൾക്ക് കഴിഞ്ഞു. അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാനായി സുന്നികൾ പ്രധാനമായും ഉന്നയിക്കാറുള്ള സമദിയ്യത്ത് വാദത്തെ, അഥവാ ഔലിയാക്കൾക്ക് സ്വയം കഴിവില്ല, അവർ അല്ലാഹു കൊടുത്ത കഴിവിൽ നിന്നാണു സഹായിക്കുന്നത് എന്ന വ്യാജവാദത്തിന്റെ സത്യാവസ്ഥ, കേരള മുസ്‌ലിങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്ത മണ്ണാർക്കാട് സംവാദം മുതൽ, അസത്യവും സത്യവും ഏറ്റുമുട്ടിയ അനേകം സുന്നി മുജാഹിദ് സംവാദങ്ങൾ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്നു. സാക്ഷാൽ പേരോട് അബ്ദുറഹിമാൻ സഖാഫി വരെ യുവമുജാഹിദ് പണ്ഡിതൻമാരുടെ തെളിവിന്ന് മുമ്പിൽ പിടിച്ച് നിൽക്കാൻ കഴിയാതെ, ബഹളമുണ്ടാക്കി ഇറങ്ങിപ്പോകാൻ നിർബന്ധിതനായ എടമുട്ടം സംവാദം വരെ നീണ്ട് നിൽക്കുന്ന തൗഹീദിന്റെ അജയ്യമായ മുന്നേറ്റമാണു പിന്നീട് നാം കാണുന്നത്.

പേരോടിന്റെ നാട്ടിൽ ചെന്ന് ഹുസൈൻ സലഫി നടത്തിയ നാദാപുരം ഖണ്ഡന പ്രസംഗങ്ങളും സാധാരണക്കാർക്ക് മുജാഹിദ് പ്രസ്ഥാനത്തെ അടുത്തറിയാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. സാൽവേഷൻ പോലെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഇസ്‌ലാമിനെ ജനങ്ങളിലേക്ക് എത്തിക്കാനുള്ള മുജാഹിദുകളുടെ ശ്രമം ഏവരുടെയും പ്രശംസ നേടിയതാണ്. മുജാഹിദുകളുടെ ഈ മുന്നേറ്റം സലാം സുല്ലമിയെ വല്ലാതെ അസ്വസ്ഥനാക്കി എന്ന് അദ്ദേഹത്തിന്റെ പിന്നീടുള്ള പ്രവർത്തനങ്ങൾ തെളിയിക്കുന്നു.

## കാന്തപുരം സുന്നി വിഭാഗം നടത്തുന്ന മാസികക്ക് ഇന്റർവ്യൂ നൽകുന്നു

കാന്തപുരം സുന്നി വിഭാഗം നടത്തുന്ന സെൻസിംഗ് മാസികക്ക് ജനാബ് അബ്ദുസ്സലാം സുല്ലമി ഇന്റർവ്യൂ നൽകിയത് അദ്ദേഹത്തിന്റെ മുൻകാല ചരിത്രം അറിയാവുന്നവരെ ഏറെ അത്ഭുതപ്പെടുത്തിയ കാര്യമാണ്. 2007 ഏപ്രിൽ മാസത്തിൽ മൂന്ന് പേജിലായി വന്ന അദ്ദേഹത്തിന്റെ വിശദമായ അഭിമുഖത്തിൽ, കെ എൻ എമ്മിനെ അതിനിശിതമായി വിമർശിച്ചു കൊണ്ടാണ് അദ്ദേഹം മറുപടി പറഞ്ഞിരിക്കുന്നത്. എതിരാളിയുടെ എതിരാളിയെ കൂട്ടുകാരനായി സ്വീകരിക്കുന്ന സധാരണക്കാരന്റെ നിലവാരത്തിലേക്ക് അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ ഇറങ്ങി വരും എന്ന് ആരും പ്രതീക്ഷിച്ചതല്ല.

മുജാഹിദുകൾക്കിടയിൽ എന്തെങ്കിലും അഭിപ്രായ വിത്യാസമുണ്ടെങ്കിൽ തന്നെ അതെല്ലം കാന്തപുരം സുന്നികളുടെ അടുത്താണൊ അവതരിപ്പിച്ച് പരിഹാരം കാണേണ്ടത്?. കാന്തപുരം ഇത്ര മാത്രം സമാദരണീയനായത് എന്ന് മുതൽക്കാണ് എന്ന് സലാം സുല്ലമിയെ അന്ധമായി അനുകൂലിക്കുന്നവർ വ്യക്തമാക്കേണ്ടതുണ്ട്.

## സുന്നികളുടെ മുന്നിൽ ആദർശം പണയം വെക്കുന്നു.

കാന്തപുരം സുന്നികളുടെ മുമ്പിൽ വെച്ച് മുജാഹിദുകളുടെ അടിസ്ഥാന ആദർശങ്ങൾ തള്ളി പറഞ്ഞ് സുന്നികളെ തൃപ്തിപ്പെടുത്താനുള്ള ശ്രമമാണു സുല്ലമി നടത്തിയിട്ടുള്ളത് എന്ന് അദ്ദേഹത്തിന്റെ ഇന്റർവ്യൂ വായിച്ചാൽ ബോധ്യപ്പെടും. ഒരു നീണ്ട കാലയളവിൽ സുന്നികൾക്കെതിരിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്ത ഒരാളാണ് താൻ എന്ന കാര്യം പോലും മറന്ന രൂപത്തിലാണ് അദ്ദേഹം പലപ്പോഴും മറുപടി പറഞ്ഞിരിക്കുന്നത്. ഒരു ഉദാഹരണം മാത്രം വിശദീകരിക്കാം.

> *ഖബ്ർ സിയാറത്തിന്റെ വിഷയത്തിൽ മുജാഹിദിന്റെ നയം എന്താണ്?*
>
> ഞാൻ എന്റെ പിതാവിന്റെ ഖബർ സിയാറത്ത് ചെയ്യാറുണ്ട്.
>
> *ഖബ്റിന്റെ അരികിൽവെച്ച് പിതാവിന് പൊറുക്കണമേ എന്ന് ദുആ ചെയ്യാൻ പറ്റുമോ?*
>
> അതെ, അത് ചെയ്യാം. എന്തു കുഴപ്പം.
>
> *ഇത് മുജാഹിദുകൾക്കറിയില്ല. അവർ ഇത് ശിർക്കാണെന്ന് മനസ്സിലാക്കിയിരിക്കുകയാണ്.*
>
> അത് പറഞ്ഞു കൊടുക്കണം. ഖബ്ർ സിയാറത്ത് ചെയ്യുന്നതിൽ ഒരു കുഴപ്പവും ഇല്ല.
>
> 21 —— [illegible] —— 2007 ഏപ്രിൽ

സലാം സുല്ലമിക്ക് എന്ത് പറ്റി സഹോദരന്മാരെ?. ഖബറിന്റെ അരികിൽ വെച്ച് പിതാവിനു പൊറുക്കണമേ എന്ന് ദുആ ചെയ്താൽ അത് ശിർക്കാണെന്ന് ഏത് മുജാഹിദാണു വിശ്വസിക്കുന്നത്. ഇത് വായിക്കുന്ന ഒരു സുന്നി സഹോദരൻ എന്താണു മനസ്സിലാക്കുക?. സുന്നികളും മുജാഹിദുകളും തമ്മിലുള്ള തർക്കം സ്വന്തം പിതാവിനു പൊറുക്കേണമേ എന്ന് ഖബറിന്റെ അരികിൽ വെച്ച് അല്ലാഹുവിനോട് പ്രാർതിതിഥിക്കാമോ, അല്ലെ എന്നതാണെന്നല്ലെ?. സുന്നത്തായ ഖബർ സിയാറത്ത് നടത്തുന്ന സുന്നികളെ അനാവശ്യമായി മുജാഹിദുകൾ വിമർശിക്കുകയാണു എന്നല്ലെ?. സുന്നികൾ ഖബർ സിയാറത്തിന്റെ മറവിൽ ചെയ്യുന്ന എല്ലാത്തരം ശിർക്കൻ ആചാരങ്ങളെയും അറിഞ്ഞൊ അറിയാതൊയൊ സലാം സുല്ലമി അംഗീകരിച്ചിരിക്കുകയല്ലെ ഇവിടെ ചെയ്തിട്ടുള്ളത്!!.

## സാൽവേഷനെക്കുറിച്ച്

ലക്ഷക്കണക്കിനു ജനങ്ങൾ സന്ദർശിച്ച, സാൽവേഷനെ പോലും സുല്ലമി തള്ളിപ്പറയുന്നത് കാണുക.

സെൻസിംഗ് : മൗലവി വിഭാഗം സംഘടിപ്പിച്ച സാൽവേഷനെക്കുറിച്ച് എന്ത് പറയുന്നു?

സുല്ലമി : സാൽവേഷൻ എന്ന പേരു തന്നെ തെറ്റാണെന്ന് എനിക്ക് മനസ്സിലാവുന്നത് ഇത് ക്രൈസ്തവരുമായി ബന്ധപ്പെട്ട പദമായതിനാലാണ്.

## മുജാഹിദ് സംവാദങ്ങൾ പരാജയമായിരുന്നു എന്ന് ആരോപിക്കുന്നു

സെൻസിംഗ് : മഞ്ചേശ്വരം, കോട്ടക്കൽ നടന്ന സംവാദങ്ങളിൽ മൗലവി വിഭാഗം പരാജയപ്പെട്ടു എന്നാണൊ താങ്കൾ പറയുന്നത്?.

സുല്ലമി : തോറ്റമ്പിപ്പോയി. സുന്നികൾ ഓതിയ ആയത്തിനും ഹദീസിനും മറുപടിപറയാൻ അവർക്ക് സാധിച്ചില്ല.

സംവാദങ്ങളിൽ പങ്കെടുത്ത കെ.കെ.സകരിയ്യ സ്വലാഹിയും, ഹനീഫ കായക്കൊടിയും തന്റെ ശിഷ്യരായിരുന്നു എന്ന് ഇന്റർവ്യൂ തുടങ്ങുമ്പോൾ അദ്ദേഹം അവകാശപ്പെടുന്നുണ്ട്.

സെൻസിംഗ് : പഠനം, ഗുരുനാഥന്മാർ, ശിഷ്യന്മാർ?

സുല്ലമി : പിതാവിൽ നിന്നും കുറച്ച് മാത്രമേ പഠിച്ചിട്ടുള്ളൂ. പിന്നെ സുല്ലമിൽ. അഫ്സലുൽ ഉലമ (പ്രിലിമിനറി) പാസായി. പിന്നീട് സ്വയം വായിച്ചു പഠിച്ചതാണു. പ്രത്യേകിച്ച് ഗുരുനാഥന്മാരില്ല. എ.പി.അബ്ദുൽ ഖാദിർ മൗലവിയിൽ നിന്ന് കുറച്ചു പഠിച്ചു. കെ.കെ. സകരിയ്യ സ്വലാഹി (മൗലവി വിഭാഗം) എന്റെ ശിഷ്യനാണു. 6 വർഷം പഠിച്ചു. പിന്നെ ഹുസൈൻ സലഫി, ഹനീഫ കായക്കൊടി തുടങ്ങിയവർ എന്റെ ക്ലാസ് പഠിച്ചു വളർന്നവരാണു.

ആറു വർഷം തന്റെ കീഴിൽ പഠിച്ചിട്ടും സക്കരിയ്യ സ്വലാഹിക്ക് സുന്നികൾ ഓതിയ ആയത്തിനു മറുപടി പറയാൻ സാധിച്ചില്ല എന്ന് പറഞ്ഞ് കാന്തപുരത്തിന്റെ ശിർക്കൻ വാദങ്ങൾക്ക് പിൻബലം നൽകുന്നതിന്ന് പകരം, സുന്നികളോട് എന്ത് മറുപടി പറയണമെന്നൊക്കെ ഞാനവരെ പഠിപ്പിച്ചിട്ടുണ്ട് എന്ന് ഉത്തരം പറഞ്ഞ് മുജാഹിദുകളുടെ ആദർശവും അഭിമാനവും ഉയർത്തിപ്പിടിക്കുകയല്ലെ അദ്ദേഹം ചെയ്യേണ്ടിയിരുന്നത്.

മത നവീകരണം വിചാരണ ചെയ്യപ്പെടുന്നു എന്ന പേരിൽ പേരോട് അബ്ദുറഹിമാൻ സഖാഫി കേരളത്തിൽ ഉടനീളം നടത്തിയ മുജാഹിദ് വിരുദ്ധ കാംപയിനിൽ പ്രധാനമായും അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്, സലാം സുല്ലമിയുടെ ലേഖനങ്ങളും പുസ്തകങ്ങളും സി ഡി കളുമാണു. മഞ്ചേശ്വരം സംവാദം പരാജയമായിരുന്നു എന്ന് സലാം സുല്ലമി ശബാബിലെഴുതിയത് വായിച്ച് കൊണ്ടാണു സംവാദത്തിൽ തനിക്കേറ്റ പരാജയം പേരോട് മറച്ച് പിടിക്കുന്നത്.

## സലാം സുല്ലമിയുടെ കൂടെ പണ്ഡിത സംഘടന ഉറച്ച് നിൽക്കുന്നു

ധാരാളം മുജാഹിദ് വിരുദ്ധ പരാമർശങ്ങളുള്ള സലാം സുല്ലമിയുടെ സെൻസിംഗിലെ ഇന്റർവ്യൂ തിരുത്താൻ മടവൂർ വിഭാഗം പണ്ഡിതസഭ ആവശ്യപ്പെട്ടില്ല എന്ന് മാത്രമല്ല, "സലാം സുല്ലമിയുടെ കൂടെ പണ്ഡിത സംഘടന ഉറച്ച് നിൽക്കുന്നു" എന്ന് മടവൂർ വിഭാഗം പണ്ഡിത സംഘടന പ്രസിഡന്റ് ആയ ബഹുമാന്യനായ സി. പി. ഉമർ സുല്ലമി പ്രഖ്യാപിച്ചിരിക്കുകയാണു ചെയ്തത്. സലാം സുല്ലമി എന്ത് തന്നെ ഫത്‌വ കൊടുത്താലും അതെല്ലാം ന്യായീകരിക്കാനും പ്രചരിപ്പിക്കാനുമാണ് ജനാബ് ഹുസൈൻ മടവൂരും കൂട്ടരും ഇപ്പോൾ ശ്രമിക്കുന്നത്. നേരത്തെ ചില പുസ്തകങ്ങളിൽ സലാം സുല്ലാമി തന്നെ എഴുതിയതും എന്നാൽ പരസ്യമായി ചർച്ച ചെയ്യാൻ മടിച്ചിരുന്നതുമായ പല അനിസ്ലാമികവും, പ്രകൃതി വിരുദ്ധവുമായ ഫത്‌വകൾ ഇപ്പോൾ മടവൂർ വിഭാഗം പണ്ഡിതസഭയും നേതാക്കളും പരസ്യമായി പ്രസംഗിച്ചും എഴുതിയും പ്രചരിപ്പിക്കുകയാണ്.

## സലാം സുല്ലമിയുടെ ഇസ്‌ലാം വിരുദ്ധ ഫത്‌വകൾ

ജമാഅത്ത് നമസ്കാരത്തിൽ എല്ലാ മുസ്ലിങ്ങളും പങ്കെടുക്കേതില്ല, കാരണം അത് ഫർളു കിഫാ മാത്രമാണ്, താടി വടിക്കുന്നത് കുഴപ്പമില്ല., മ്യൂസിക് കുഴപ്പമില്ല, സ്വയം ഭോഗം അനുവദനീയമാണ് തുടങ്ങിയ ധാരാളം സ്വതന്ത്ര അഭിപ്രായങ്ങളുള്ളയാളാണ് ജനാബ് സലാം സുല്ലമി.

മടവൂർ വിഭാഗം പ്രസിദ്ധീകരണാലയമായ യുവത 2000 ൽ പുറത്തിറക്കിയ ജനാബ് സലാം സുല്ലമിയുടെ "ഇളവുകൾ ഇസ്‌ലാമിക വിധികളിൽ" എന്ന പുസ്തകത്തിൽ ഇസ്‌ലാം വിരുദ്ധവും പ്രകൃതി വിരുദ്ധവുമായ പല ഫത്‌വകളും നൽകുന്നുണ്ട്. പേജ് 116 ൽ അദ്ദേഹം എഴുതുന്നു. "സംയോഗത്തിന്റെ ഒരു രീതിയും ദമ്പതിമാർക്കിടയിൽ വിരോധിക്കുന്നില്ല. സ്ത്രീകളുടെ പിൻദ്വാരത്തെ സമീപിക്കുന്നതിൽ മാത്രമാണ്" ഭിന്നതയുള്ളത്. തുടർന്ന് അദ്ദേഹം ഇത് അനുവദനീയമാണ് എന്നു പറഞ്ഞവരുടെ അഭിപ്രായം മാത്രം ഉദ്ധരിച്ച ശേഷം "ഇതു നിഷിദ്ധമാക്കിക്കൊണ്ട് യാതൊരു ഹദീസും സ്വഹീഹായി വന്നിട്ടില്ല" എന്നു കൂടി എഴുതുന്നു.

## സലാം സുല്ലമിയുടെ പ്രകൃതി വിരുദ്ധ ഫത്‌വകളെ ന്യായീകരിക്കുന്നു

സലാം സുല്ലമിയുടെ ഇസ്ലാം വിരുദ്ധ നിലപാടുകൾ പണ്ഡിതോചിതമായി വിശദീകരിച്ച് കൊണ്ട് ഡോ. കെ കെ സക്കരിയ്യ സ്വലാഹി നടത്തിയ പ്രസംഗത്തെ ഖണ്ഡിച്ച് കൊണ്ട്, മടവൂർ വിഭാഗം "കെ. കെ. സക്കരിയ്യക്ക് മറുപടി" എന്ന പേരിൽ എട്ട് സി. ഡി കൾ പുറത്തിറക്കിയിരുന്നു. ആറു മാസത്തിലധികം സമയമെടുത്ത് സലാം സുല്ലമി എഴുതി തയ്യാറാക്കിയ ഈ പ്രസംഗം മടവൂർ വിഭാഗം സംസ്ഥാന നേതാവായ അലി മദനി മൊറയൂരാണു അവതരിപ്പിച്ചിരിക്കുന്നത്. സ്റ്റുഡിയോവിൽ വെച്ച് പല ദിവസങ്ങളിലായി റെക്കോർഡ് ചെയ്ത് മടവൂർ വിഭാഗം പണ്ഡിതർ പരിശോധിച്ച് എഡിറ്റ് ചെയ്ത് വളരെ ശ്രദ്ധിച്ച് പുറത്തിറക്കിയ ഈ സി. ഡി കളിൽ പോലും മുകളിൽ കൊടുത്ത സലാം സുല്ലമിയുടെ പ്രകൃതി വിരുദ്ധ ഫത്‌വകളെ ന്യായീകരിച്ചിരിക്കുകയാണു ചെയ്തിട്ടുള്ളത്.

"അമിതമാവാത്ത വിധത്തിൽ സ്വന്തം ജീവൻ നില നിർത്തുന്നതിന്ന് വേണ്ടി ഹറാമായിട്ടുള്ള പന്നി മാംസം കഴിക്കാം എന്ന് ഖുർആൻ തന്നെ സൂചിപ്പിച്ചിട്ടുണ്ട്". അത് പോലെയാണു മുകളിൽ കൊടുത്ത സ്ത്രീകളുടെ പിൻദ്വാരത്തെ സമീപിക്കുന്നതിൽ തെറ്റില്ല എന്ന സലാം സുല്ലമിയുടെ ഫത്‌വയെന്ന് പ്രത്യേകം എടുത്ത് പറഞ്ഞ് ന്യാകീകരിക്കുകയും സത്യപ്പെടുത്തുകയുമാണു ഈ സി ഡി യിൽ അലി മദനി ചെയ്തിട്ടുള്ളത്. സലാം സുല്ലമിക്ക് തെറ്റ് പറ്റിയതാണു, അടുത്ത എഡിഷനിൽ തിരുത്താം എന്ന് പറയാനുള്ള സാമാന്യ മര്യാദ പോലും അദ്ദേഹം കാണിക്കുന്നില്ല.

സ്ത്രീകളുമായി പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധത്തിലേർപ്പെടേണ്ട എന്ത് നിർബന്ധിതാവസ്ഥയാണ് മടവൂർ വിഭാഗം പണ്ഡിത സംഘടന പ്രതീക്ഷിക്കുന്നത്? നിർബന്ധിതാവസ്ഥയിൽ സ്വവർഗ രതിയും, സ്വവർഗ വിവാഹവുമൊക്കെ ഹലാലാക്കാനും ഇവർ തയ്യാറാവുമോ?. ബൈക്കിൽ അന്യപുരുഷന്റെ പിന്നിലിരുന്ന് സ്ത്രീകൾക്ക് യാത്രചെയ്യാം എന്ന സലാം സുല്ലമിയുടെ ഫത്‌വയെ വീണ്ടും ന്യായീകരിച്ചിട്ടുണ്ട് ഈ പ്രസംഗത്തിൽ.

## സലാം സുല്ലമിക്ക് ഹലാലാക്കാനുള്ള അധികാരമുണ്ടോ?

സലാം സുല്ലമിയുടെ പ്രകൃതി വിരുദ്ധ ഫത്‌വയെക്കാളും, മടവൂർ വിഭാഘം അതിനെ പരസ്യമായി സത്യപ്പെടുത്തുന്നു എന്നതിനെക്കാളും അപകടകരമാണു, അല്ലാഹുവിന്ന് നിർബന്ധിതാവസ്ഥയിൽ പന്നി മാംസം ഹലാലാക്കാമെങ്കിൽ സലാം സുല്ലമിക്കും ചിലതെല്ലം ഇളവു കൊടുക്കാം എന്ന ഈ പുതിയ വാദം. ഹറാമും ഹലാലും തീരുമാനിക്കാനുള്ള അധികാരം ജൂതന്മാർ അവരുടെ പണ്ഡിതർക്കുണ്ട് എന്ന് വിശ്വസിച്ചിരുന്നതിനെ, "അവർ പണ്ഡിതരെ റബ്ബുകളാക്കി" എന്നാണല്ലൊ വിശുദ്ധ ഖുർആൻ (9:31). വ്യക്തമാക്കിത്തരുന്നത്. ജനങ്ങളെ ഏത് ഇസ്‌ലാമിലേക്കാണു മടവൂർ വിഭാഗം ക്ഷണിക്കുന്നത് എന്ന് സഹോദരന്മാർ സ്വയം വിലയിരുത്തുക.

## സലാം സുല്ലമിയെ പ്രസ്ഥാനത്തിൽ നിന്ന് ബഹിഷ്കരിക്കേണ്ടതല്ലെ

സലാം സുല്ലമിയെ പുകഴ്ത്തിക്കൊണ്ട് ദമ്മാമിലെ മടവൂർ വിഭാഗം പണ്ഡിതൻ എഴുതിയത്, ശപിക്കപ്പെട്ടവനാണു പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് എന്ന് വ്യക്തമാക്കുന്ന ഹദീസിനെപ്പോലും അവഗണിച്ച് കൊണ്ടു സലാം സുല്ലമി ഫത്‌വ പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിൽ "അദ്ദേഹത്തെ പ്രസ്ഥാനത്തിൽ നിന്ന് ബഹിഷ്കരിക്കേണ്ടതല്ലെ" എന്നാണ്.

മാന്യ സുഹൃത്ത് മടവൂർ വിഭാഗം പണ്ഡിത സഭയുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കാതെയാണു പ്രതികരിച്ചിരിക്കുന്നത്. മടവൂർ വിഭാഗം നേതാക്കൾ സംഘടന പിടിച്ചെടുക്കാനും തൗഹീദീ പ്രവർത്തനം മന്ദഗതിയിലാക്കാനും നടത്തിയ ശ്രമങ്ങൾ തിരിച്ചറിഞ്ഞ്, മാതൃസംഘടനയിലേക്ക് തിരിച്ച് പോകുന്ന പ്രവർത്തകരെ തടഞ്ഞ് നിർത്താൻ വേണ്ടി കഠിനാധ്വാനം ചെയ്യുന്ന ജനാബ് അബ്ദുസ്സലാം സുല്ലമിയെ പൂർണമായും ന്യായീകരിച്ച്, അദ്ദേഹത്തെ ഏറ്റവും വലിയ പണ്ഡിതനായി അവതരിപ്പിക്കേണ്ടത് മടവൂർ വിഭാഗത്തിന്റെ നിലനിപ്പിന്റെ പ്രശ്നമാണ്. അല്ലെങ്കിൽ സലാം സുല്ലമിയുടെ നവയാഥാസ്ഥിതികാരോപണവും ശിർക്കാരോപണവും മുഖവിലക്കെടുക്കാൻ സ്വന്തം പ്രവർത്തകർ തന്നെ തയ്യാറാവാത്ത അവസ്ഥയുണ്ടാകും.

അനിസ്ലാമിക കാര്യങ്ങൾക്ക് അനുവാദം കൊടുക്കുന്ന സലാം സുല്ലമിയെയും അതിനെ ന്യായീകരിക്കുന്ന മടവൂർ വിഭാഗം പണ്ഡിത സംഘടനയെയും ബഹിഷ്കരിക്കാൻ ശുദ്ധഗതിക്കാരായ പ്രവർത്തകർക്ക് കഴിയില്ല. അതിനാൽ, "അദ്ദേഹത്തെ പ്രസ്ഥാനത്തിൽ നിന്ന് ബഹിഷ്കരിക്കേണ്ടതല്ലെ" എന്നെഴുതിയ സഹോദരാ, സത്യസന്ധമായാണ് താങ്കൾ അങ്ങിനെ എഴുതിയത് എങ്കിൽ, ഇനി ശരിയായ ഇസ്ലാമിക ആദർശം പ്രചരിപ്പിക്കുന്ന കെ. എൻ. എമ്മിലേക്ക് തിരിച്ച് വരാൻ ആത്മാർത്ഥത കാണിക്കുകയാണ് താങ്കളെപ്പോലുള്ളവർ ചെയ്യേണ്ടത് എന്ന് വിനയത്തോടെ ഉണർത്തുകയാണ്.

*നാസർ പാലക്കാട്*

(തുടരും...)